# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1914

### 08-03-2018 ൽ മറുപടിക്ക്

### കിഫ്ബിയിലെ പ്രതീക്ഷിത നിക്ഷേപം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ നിക്ഷേപം എന്ന രീതിയിൽ ഓരോ വർഷവും എത്ര തുക വീതം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; പ്രതീക്ഷിത നിക്ഷേപത്തിന്റെ എത്ര ശതമാനം ഓരോ വർഷവും ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | കിഫ്ബിയിൽ പദ്ധതികൾ നടപ്പിലാക്കുന്നത് വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചറിന്റെ അടിസ്ഥാനത്തിലാണ് ഓരോ പദ്ധതിയുടെയും വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചർ പ്രകാരം അതിന്റെ ധനവിനിയോഗത്തിന്റെ ഘട്ടങ്ങളും നിശ്ചയിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് അവയ്ക്ക് ആവശ്യമായ പണം മുൻകൂട്ടി നിശ്ചയിക്കാനാവുന്നു. അപ്രകാരം ആവശ്യാനുസരണം കിഫ്ബിക്ക് പണം സ്വരൂപിക്കാവുന്നതുമാണ്. നിലവിൽ കിഫ്ബി ഫണ്ടിൽ 4055.94 കോടി രൂപയുണ്ട്. ഇപ്പോൾ അനുമതി നൽകിയിട്ടുള്ളതും നിർവ്വഹണം ആരംഭിച്ചതുമായിട്ടുള്ള പദ്ധതികളുടെ പ്രാരംഭ ഘട്ടത്തിലേക്ക് ഈ തുക പര്യാപ്തമാണ്. ഭാവിയിലേക്ക് ഓരോ ഘട്ടത്തിനും ആവശ്യമായ തുക സമാഹരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. ആയതിനാൽ പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ തുകകൾ യഥാസമയം ലഭ്യമാക്കാനാവുമെന്നാണ് പ്രതീക്ഷ. |
| (ബി) പെട്രോൾ സെസ്, മോട്ടോർ വാഹന നികുതി എന്നിവ കൂടാതെ മറ്റെന്തെല്ലാം ഇനങ്ങളിൽ നിന്നും കിഫ്ബിയിൽ തുക ലഭ്യമായിട്ടുണ്ട്; ഓരോ വർഷവും ലഭിച്ച തുകയുടെ നാളിതുവരെയുള്ള കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ; | കിഫ്ബിയിലെ നിക്ഷേപം എന്നതിലുപരി, സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങളുപയോഗിച്ച് കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക എന്നതിനാണ് കിഫ്ബി പ്രാധാന്യം നൽകുന്നത്. ഇതിനായി, 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം മുൻ വർഷങ്ങളിലെ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനങ്ങളിലായി 1772.17 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. 5475-00-800-92 |

| | |
|---|---|
| | ഡെവലപ്മെന്റ് ഓഫ് ഇൻഫ്രാസ്ട്രക്ചറൽ പ്രോജക്ട്സ് എന്ന ശീർഷകത്തിന്റെ നീക്കിയിരുപ്പ് തുകയായ 2498.42 കോടി രൂപ പൊതുധന വിപണിയിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിനുള്ള സീഡ് ക്യാപിറ്റലായി കിഫ്ബിയുടെ ട്രഷറി സേവിങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നബാർഡിന്റെ NIDA-പദ്ധതിയിലൂടെ 4000 കോടി രൂപ വായ്പയെടുക്കുന്നതിന്റെ ആദ്യ ഗഡുവായ 100.80 കോടി രൂപയും കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതു കൂടാതെ, ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിലൂടെ ലഭ്യമാകുന്ന തുകയും കിഫ്ബി നിധിയിലേക്ക് നിക്ഷേപിക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) കിഫ്ബിയിലേക്ക് വകമാറ്റുന്നതിന് മുമ്പുള്ള കാലങ്ങളിൽ പെട്രോൾ സെസ്, മോട്ടോർ വാഹന നികുതി എന്നിവയിൽ നിന്നുള്ള വരുമാനം ഏത് അക്കൗണ്ടിലേക്കാണ് മുതൽക്കൂട്ടിയിരുന്നത്; ഈ തുക ഏതെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ? | വാഹന നികുതികൾക്കു കീഴിലുള്ള "0041-00-102-99 - ഗതാഗത യോഗ്യമായ വാഹനങ്ങൾ", "0041-00-102-98 - ഗതാഗത യോഗ്യമല്ലാത്ത വാഹനങ്ങൾ" എന്നീ ശീർഷകങ്ങൾക്കു കീഴിൽ സംഭരിക്കുന്ന തുകയുടെ 10% കേരളാ റോഡ് ഫണ്ട് ബോർഡിനും, "0041-00-102-97 (കോമ്പൗണ്ടിംഗ് ഫീസ്)" എന്ന ശീർഷകത്തിനു കീഴിൽ സംഭരിക്കുന്ന തുകയുടെ 50% "0041-00-800-99-01 (കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ട് 2007 പ്രകാരമുള്ള വരവ്)" എന്നീ ശീർഷകത്തിനു കീഴിൽ സംഭരിക്കുന്ന തുകയുടെ 99% ഉം കേരള റോഡ് സേഫ്റ്റി അതോറിറ്റിക്കുമായി നൽകി വരുന്നു. ടി ശീർഷകങ്ങളിൽ ബാക്കിയുള്ള തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വക കൊള്ളിക്കുന്നു. കിഫ്ബിയിലേക്ക് വക മാറ്റുന്നതിനു മുമ്പുള്ള കാലയളവിൽ പെട്രോൾ സെസ്സിൽ നിന്നുള്ള വരുമാനം പ്രത്യേകം ഒരു കാര്യത്തിനു മാത്രമായി വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## DETAILS OF KIIFB FUND AS ON 07-03-2018

| Government Order | Head of Account | Amount (Crore) | |
|---|---|---|---|
| G.O (Rt) No.9899/16/Fin dated 22-12-16 | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 448.10 | 2016-17<br>Rs.729.53 Cr |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 28.14 | |
| G.O (Rt) No.1132/17/Fin dated 11-02-17 | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 253.29 | |
| G.O (Rt) No.4967/17/Fin dated 16-06-17 | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 165 | 2017-18<br>Rs.1042.64 Cr |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 210 | |
| G.O (Rt) No.9619/17/Fin dated 27-12-17 | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 256.19 | |
| | 5475-00-800--87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 411.45 | |
| G.O (Ms) No.16/Plg dated 30-03-16 | | 873.85 | As per Plan write up 2015-16 |
| G.O (Ms) No.18/17/Plg dated 30-03-17 | | 1624.56 | As per Plan Write up 2016-17 |
| NABARD Infrastructure Development Assistance (NIDA) | | 100.80 | |
| TOTAL | | 4371.38 | |

സെക്ഷൻ ഓഫീസർ